66

നം.സി2/11631/2017

ക്ഷീരവികസനവകുപ്പ് ഡയറക്ടറേറ്റ്

പട്ടം, തിരുവനന്തപുരം - 695004

16

ഫോൺ:0471- 2445749, 2445799

ഇ-മെയിൽ: dairydirector05@yahoo.co.in

dddtvm@gmail.com

തീയതി : 25.07.2017

## സർക്കുലർ നം. 19 /2017

വിഷയം:- ക്ഷീരവികസന വകുപ്പ്-ക്ഷീരസംഘങ്ങളിലെ കണക്കുകൾ കൈകാര്യം ചെയ്യുന്നത് – സംബന്ധിച്ച്.

സൂചന:- 1. കേരള സഹകരണ സംഘം നിയമവും ചട്ടങ്ങളും

2. സർക്കാരിന്റെ 14/01/2016 ലെ സ.ഉ.(പി) നം. 02/2016/കൃഷി ഉത്തരവ്.

## ഉത്തരവ്.

കേരള സഹകരണ സംഘം നിയമവും ചട്ടങ്ങളിലെ ചട്ടം 186 പ്രകാരവും പരാമർശം(2) ഉത്തരവ് പ്രകാരവും ക്ഷീരസഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് വേണ്ട ഭരണ വിദ്യാഭാസ യോഗ്യത നിശ്ചയിച്ചിട്ടുണ്ട്. കേരള സഹകരണ നിയമ പ്രകാരമുള്ള പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങൾ യുക്തമായ സ്റ്റാഫ് പാറ്റേണും, അനുബന്ധ ചട്ടങ്ങളും തയ്യാറാക്കി രജിസ്ട്രാറിൽ നിന്നും മുൻകൂർ അനുമതി വാങ്ങി സംഘത്തിന്റെ സാമ്പത്തിക സ്ഥിതി പരിശോധിച്ച് നിയമനം നടത്തുന്നതിന് ഭരണ സമിതിക്ക് നടപടി സ്വീകരിക്കാവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. നിശ്ചിത യോഗ്യത ഇല്ലാത്തവരെ നിയമിക്കുന്നതിനാൽ ആണ് സംഘം കണക്ക് എഴുതുവാനും മറ്റും പുറമെ നിന്നും ആളെ നിയോഗിക്കേണ്ടി വരുന്നത്. ഇത് നിയമവിരുദ്ധം ആണ് . സംഘത്തിലെ കണക്കുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട് എന്ന് ഉറപ്പാക്കാനുള്ള ഉത്തരവാദിത്വം കേരള സഹകരണ സംഘം നിയമവും ചട്ടങ്ങളിലെ ചട്ടം 47 പ്രകാരം ഭരണ സമിതിയുടെ ഉത്തരവാദിത്വം ആണ്.1969 ലെ കേരള സഹകരണ നിയമം വകുപ്പ് 64 (4) പ്രകാരം ഒരു സാമ്പത്തിക വർഷാവസാനത്തെ തുടർന്ന് ഒരു മാസത്തിനുള്ളിൽ സംഘം കണക്കുകളും മറ്റ് നിയമപരമായി തയ്യാറാക്കേണ്ട രേഖകളും തയ്യാറാക്കാനുള്ള ഉത്തരവാദിത്വം സംഘം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറിൽ നിക്ഷിപ്തം ആണ്.

1969 ലെ കേരള സഹകരണ നിയമം വകുപ്പ് 64 (A) പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമർപ്പിക്കുന്ന കണക്കുകളുടെ കൃത്യത ഉറപ്പാക്കാനുള്ള ഉത്തരവാദിത്വം സംഘം ഭരണ സമിതിയിൽ നിക്ഷിപ്തവും ആണ്. ആയത് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ രേഖകൾ സമർപ്പിച്ച് ഒരു

K.G. 28.07

മാസത്തിനുള്ളിൽ പൂർത്തീകരിച്ചിരിക്കേണ്ടതും ആണ്. ഇതു പാലിക്കാതിരിക്കുന്നത് ഭരണസമിതിയുടെ ഭാഗത്തെ വീഴ്ചയായി കണക്കാക്കുന്നതും ആണ്. കൂടാതെ ഇപ്രകാരം വീഴ്ച വരുത്തിയാൽ ഈ നിയമത്തിലെ 94-ാം വകുപ്പ് ഉപവകുപ്പ് (4) അനുസരിച്ച് ഒരു കുറ്റകൃത്യമായി കണക്കാക്കാവുന്നതാണ്. ആയതിനാൽ ഇതിന് വിരുദ്ധമായി കണക്ക് എഴുതി സൂക്ഷിക്കുന്നതിന് ആളെ നിയോഗിക്കേണ്ടി വരുകയും പ്രതിഫലം നൽകേണ്ടി വരുകയും ചെയ്യുന്ന പക്ഷം ടി തുക പലിശ സഹിതം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുന്നതായിരിക്കും എന്നും അറിയിക്കുന്നു.

ഡയറക്ടർ

എല്ലാ ക്ഷീര സഹകരണ സംഘങ്ങൾക്കും ( ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം)

പകർപ്പ് :-

1. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2. എല്ലാക്ഷീരവികസനആഫീസർമാർക്കും(ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം)
3. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ (വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
4. സി,ജി, സെക്ഷൻ സൂപ്രണ്ടുമാർക്ക്
5. സി1,സി3,ജി1,ജി2 സീറ്റുകൾക്ക്
6. സ്റ്റോക്ക് ഫയൽ
7. ഫയൽകോപ്പി

K.G. 28.07